**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6595** **21-03-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരളയുടെ ഭാഗമായി മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം ഏത് ഘട്ടം വരെയായിയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ; | (എ) | മൂക്കന്നൂർ - ഏഴാറ്റുമുഖം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 38 ശതമാനം പൂർത്തിയായി. ഫെബ്രുവരി 3 വരെയുണ്ടായിരുന്ന കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള കോൺട്രാക്ടറുടെ ആവശ്യം പരിഗണിച്ച് 5 മാസം നീട്ടിനൽകുന്നതിന് സൂപ്പർ വിഷൻ കൺസൾട്ടന്റ് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ ; | (ബി) | നിർമ്മാണവുമായി ബന്ധപ്പെട്ട് 36 പരാതികൾ വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമായിട്ടുണ്ട്. (തപാൽ, പി.ഡബ്ല്യു.ഡി 4 യു ആപ്പ്, ഇ-മെയിൽ) ഇവയിൽ 20 പരാതികൾ പരിഹരിച്ചിട്ടുണ്ട്. 16 പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ വീതി കൂട്ടണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ചില പരാതികൾ സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയായ ജർമ്മൻ ബാങ്കിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ പരാതി നൽകുകയോ സമരം സംഘടിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | അങ്കമാലി നിയോജകമണ്ഡലത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് പരാതികൾ അറിയിക്കാറുണ്ട്. അവ ചർച്ചയിലൂടെ സമന്വയത്തിലെത്തുകയും പ്രവൃത്തിയിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോവുകയും ചെയ്യുന്നു.<br><br>KSTP നിർമ്മാണം നടത്തുന്ന റോഡുകളിലെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകം യോഗം നടത്തുവാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണം വേഗത്തിലാക്കാനും സൗജന്യമായി ഭൂമി വിട്ട് നൽകിയവരുടെ ആവശ്യങ്ങൾക്കും പ്രദേശവാസികളുടെ പരാതികൾക്കും അടിയന്തര പരിഹാരം കാണുന്നതിനായും വകുപ്പ് മന്ത്രിയുടെ | (ഡി) | (സി) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ